## സബ്മിഷൻ

### (1) കേരള ഹാൻഡ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം

ശ്രീമതി കെ. കെ. രമ: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതും ഏറ്റവും കൂടിയ ഉൽപാദനവും വിറ്റുവരവുള്ളതുമായ കൈത്തറി സഹകരണ സംഘമാണ് വടകരയിലെ ചോമ്പാലയിലെ ചിറയിൽപീടികയിലുള്ള കേരള ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി. 1995-ൽ രാജ്യത്തെ ഏറ്റവും മികച്ച കൈത്തറി സഹകരണ സംഘത്തിനുള്ള നാഷണൽ അവാർഡും 2018-ൽ ഏറ്റവും മികച്ച കൈത്തറി സംഘത്തിനുള്ള സംസ്ഥാന അവാർഡും നേടിയ ഈ സംഘം കൈത്തറി ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിലും വില്പനയിലും പേരുകേട്ട സ്ഥാപനമാണ്. എന്നാൽ, കോവിഡിനുശേഷം കൈത്തറി മേഖലയിലുണ്ടായ മാന്ദ്യം സംഘത്തിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിരിക്കുകയാണ്. വിപണിയിലെ കനത്ത വെല്ലുവിളികൾക്കൊപ്പം അപക്സ് സംഘമായ ഹാൻടെക്സിൽനിന്നും ലഭിക്കാനുള്ള ഭീമമായ കുടിശിക, സർക്കാരിൽനിന്നും ലഭിക്കാനുള്ള റിബേറ്റ് കുടിശിക, യൂണിഫോം

ഉൾപ്പെടെയുള്ള ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട കൂലിപോലും സമയബന്ധിതമായി ലഭിക്കുന്നില്ല. സർക്കാരിൽനിന്നും പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരു രൂപ പോലും ലഭിക്കാത്ത സാഹചര്യവുമുണ്ട്. റിബേറ്റ് കുടിശികയിൽ മാത്രം 14,87,360/- രൂപ, ഹാന്റക്സിൽനിന്നും കിട്ടാനുള്ളത് 31 ലക്ഷം രൂപ, യൂണിഫോം ഇനത്തിൽ 2,73,000 രൂപ, പ്രൊഡക്ഷൻ ഇൻസെന്റീവായി 57,82,000 രൂപ ഉൾപ്പെടെ ഏകദേശം ഒരു കോടി ആറ് ലക്ഷത്തി നാൽപ്പത്തിയാറായിരത്തിലധികം രൂപ (1,06,40,000) കുടിശികയുണ്ട്. ജില്ലാ ബാങ്കുകൾ കേരള ബാങ്കുകളായി മാറിയതോടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം ലഭിക്കാതായതും സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനം താറുമാറാക്കിയിരിക്കുകയാണ്. ഉൽപാദനത്തിനാവശ്യമായ മൂലധനം കണ്ടെത്താൻ കഴിയാതെ വന്നതോടെ ഉൽപാദനവും വില്പനയും മന്ദഗതിയിലായിരിക്കുകയാണ്. നിലവിൽ സംഘത്തിന് തൊഴിലാളികൾക്ക് കൃത്യമായി കൂലി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇ.പി.എഫ്. ഇനത്തിൽ തവണകൾ അടയ്ക്കാൻ കഴിയാതായതോടെ ഭീമമായ പിഴ നോട്ടീസുകൾ സംഘത്തിനുമേൽ ചുമത്തപ്പെട്ടിരിക്കുകയാണ്. നിലവിൽ ജീവനക്കാർക്ക് ആറുമാസത്തെ കൂലി കുടിശികയുണ്ട്. 10,11,740/-

രൂപയാണ് കൂലിയിനത്തിൽ സംഘം തൊഴിലാളികൾക്ക് നൽകാനുള്ള കുടിശിക. എന്നാൽ സർക്കാരിൽനിന്നും വിവിധ ഇനങ്ങളിലായി ലഭിക്കാനുള്ള തുക വലുതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. രമ: സർ, 80 ശതമാനത്തിലധികം സ്ത്രീതൊഴിലാളികൾ മാത്രം ജോലി ചെയ്യുന്ന ഈ സ്ഥാപനം വിധവകളും രോഗികളുമടക്കം നിരാലംബരായ നിരവധി പേരുടെ  അത്താണിയാണ്. ഈ സ്ഥാപനത്തിന് നൽകാനുള്ള കുടിശികകൾ നൽകിയും സംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ നവീകരിച്ചും ആവശ്യമായ പ്രവർത്തനമൂലധനം നൽകിയും സംഘത്തെ പഴയ പ്രതാപത്തിലേക്കെത്തിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ യൂണിഫോം പദ്ധതി നടപ്പാക്കിയത്. പൊതുവെ ഇന്ത്യയിൽ ഒരിടത്തും ഇല്ലാത്ത പദ്ധതിയായിട്ടാണ് യൂണിഫോം പദ്ധതി ആരംഭിച്ചത്. ബഹുമാന്യയായ

അംഗം പറഞ്ഞതിൽ ഒക്ടോബർ വരെയുള്ള കൂലി അനുവദിച്ച് നൽകിയിട്ടുണ്ട്. നവംബർ മുതൽ ജനുവരി വരെയുള്ള കൂലി മാത്രമാണ് നൽകാനുള്ളത്. 6,29,625 രൂപയാണ്. ആറ് മാസത്തെ കൂലി നൽകാനുണ്ടായിരുന്നെങ്കിലും 11-10-2025-വരെയുള്ള തുക അനുവദിച്ചിട്ടുണ്ട്. ഹാന്റക്സിന്റെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള പദ്ധതി നടപ്പുസാമ്പത്തിക വർഷം ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 15 കോടി രൂപയുടെള്ള ഭരണാനുമതി, ആദ്യമായിട്ടാണ് ഹാന്റക്സിന് ഒറ്റയടിക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാൻ  പ്രത്യേകമായ റിവൈവൽ പാക്കേജ് ലഭിക്കുന്നത്. അത് ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. 15 രൂപ കോടി രൂപ അംഗീകരിച്ചെങ്കിലും ഇപ്പോൾ രണ്ട് കോടി രൂപയാണ് റിലീസ് ചെയ്ത് കിട്ടിയിട്ടുള്ളത്. രണ്ട് കോടി രൂപയിൽനിന്നും 79,081/- രൂപയാണ് കേരള ഹാന്റ്ഡലൂം വീവേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്. അവിടെ 68 പേർ ജോലി ചെയ്തിട്ടുണ്ട്.  ഇനി 13 കോടി രൂപ ഹാന്റക്സിന്റെ പാക്കേജിൽ അനുവദിക്കുമ്പോൾ ബാക്കി അനുവദിക്കാനുള്ള 16,47,478/- രൂപയും ലഭിക്കുന്ന സമയത്തുതന്നെ  നൽകുന്നതായിരിക്കും. കേരള ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ

ഉൽപാദിപ്പിച്ച കൈത്തറി വസ്ത്രം വിപണനം നടത്തിയും റിബേറ്റ് ഇനത്തിൽ 4,19,105/- രൂപയാണ് നൽകാനുള്ളത്. റിബേറ്റിൽ പൊതുവെ, പ്രൊഡക്ഷൻ ഇൻസെന്റീവ് പറയുകയുണ്ടായി. 20.45 കോടി രൂപയുടെ അപേക്ഷകളുമായി ബന്ധപ്പെട്ട് ഇപ്പോൾ തീർപ്പാക്കൽ പ്രക്രിയ ആരംഭിക്കുകയാണ്. ഇതിനുവേണ്ടി പ്രത്യേകമായിട്ടുള്ള കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്നത് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൈത്തറി ഡയറക്ടറേറ്റ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഉൾപ്പെടുത്തി കേരള ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മികവുള്ള സ്ഥാപനമാക്കി മാറ്റാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

## കോന്നി ചെങ്ങറ എസ്റ്റേറ്റിലെ കടുവ ശല്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി ചെങ്ങറ എസ്റ്റേറ്റിലും പരിസരപ്രദേശങ്ങളിലും കഴിഞ്ഞ മൂന്ന് ദിവസമായി നാല് സ്ഥലങ്ങളിൽ കടുവയുടെ സാന്നിധ്യമുണ്ടായിരിക്കുകയാണ്. എസ്റ്റേറ്റിലെ കുറുമ്പെറ്റി ഡിവിഷനിൽ റബ്ബർ കറ സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലത്താണ് ആദ്യമായി കഴിഞ്ഞ ഞായറാഴ്ച രാവിലെ തൊഴിലാളിയായ മോനച്ചൻ കടുവയെ കാണുന്നത്.

അന്നേദിവസംതന്നെ കൊന്നപ്പാറ-ചെങ്ങറ റോഡിൽ ബൈക്ക് യാത്രികർ കടുവയുടെ മുന്നിൽപ്പെടുന്ന സ്ഥിതിയുണ്ടായി. തൊട്ടടുത്ത ദിവസം പ്രധാന റോഡായ അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡിലും ബൈക്ക് യാത്രികർ കടുവയുടെ മുന്നിൽപ്പെട്ടു. ഇന്നലെ രാവിലെ 5.30-ഓടുകൂടി ടാപ്പിംഗിന് പോയ തൊഴിലാളി ദമ്പതികളായ ഷാജിയും മിനിയും കടുവയുടെ മുന്നിൽ അകപ്പെടുകയും ജീവരക്ഷാർത്ഥം ഓടുന്നതിനിടയിൽ കുഴിയിൽ വീണ് തൊഴിലാളിയായ മിനിയുടെ കൈയ്ക്ക് പൊട്ടലുണ്ടാകുകയും ചെയ്തു. ഇത് പ്രദേശത്ത് വലിയ പരിഭ്രാന്തിയും ഭീതിയും ഉണ്ടാക്കിയിരിക്കുകയാണ്. ഇന്നലെ ഞാനും ഡി.എഫ്.ഒ.(ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ)-യും വനം വകുപ്പ് ഉദ്യോഗസ്ഥരും അവിടെ സന്ദർശിച്ചിരുന്നു. ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുകയും നൂറുകണക്കിന് തൊഴിലാളികൾ ജോലി ചെയ്യുകയും ചെയ്യുന്ന പ്രദേശമാണിത്. വനം വകുപ്പ് ഇക്കാര്യം ഗൗരവമായി കണ്ടുകൊണ്ട് അടിയന്തരമായി കടുവയെ പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഡ്രോൺ ഉപയോഗിച്ച് ആ പ്രദേശത്ത് പരിശോധന നടത്തുകയും ഉയർന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുൾപ്പെടുന്ന കൂടുതൽ ടീമിനെ സ്ഥലത്തെത്തിച്ച് അടിയന്തരമായി കടുവയുടെ താവളം

കണ്ടെത്തി അതിനെ പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കോന്നി എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. അദ്ദേഹം വിശദീകരിച്ചതുപോലെ, ഉയർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരും എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളും സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. അവിടെ ഭീതിദമായ അന്തരീക്ഷം നിലനിൽക്കുന്ന സാഹചര്യത്തിൽ, ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെയും ഇന്നലെചേർന്ന യോഗതീരുമാനം അനുസരിച്ചുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. അവിടെ കൂടുതൽ പരിശോധനാ സംവിധാനവും ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യവും ഉറപ്പുവരുത്താനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## കോട്ടപ്പാറ വനമേഖലയിൽ ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം

## പൂർത്തീകരിക്കുന്നതിന് നടപടി

**ശ്രീ. ആന്റണി ജോൺ:** സർ, കഴിഞ്ഞ ഒൻപതര വർഷക്കാലത്തിലേറെയായി, ഈ രണ്ട് നിയമസഭകളുടെ കാലാവധിക്കുള്ളിൽ (പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും) ഞാൻ ഏറ്റവും കൂടുതൽ തവണ ഉന്നയിച്ചിട്ടുള്ള ഒരു വിഷയം എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലെ ജനങ്ങൾ നേരിടുന്ന വന്യമൃഗശല്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അവരുടെ ജീവിത ദുരിതങ്ങളും അനവധി ജീവനുകൾ നഷ്ടപ്പെട്ടതും ഉൾപ്പെടെയുള്ള വിഷയങ്ങൾ നിരവധി തവണ ഈ രണ്ട് സഭകളുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെയെല്ലാം ഭാഗമായി കഴിഞ്ഞ സർക്കാരും ഇപ്പോഴത്തെ സർക്കാരും ട്രഞ്ച് നിർമ്മാണവും ഹാങ്ങിങ് ഫെൻസിങ്ങും ഉൾപ്പെടെയുള്ള ഒട്ടനവധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽനിന്നുള്ള തുകയും മറ്റ് വിവിധ ഏജൻസികളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടിൽനിന്ന് വലിയൊരു തുകയും നീക്കിവച്ചിരുന്നു. ഇപ്പോൾ ഏറ്റവും ഒടുവിൽ ആർ.ആർ.ടി.(റാപ്പിഡ് റെസ്പോൺസ് ടീം)-ക്ക് വാഹനം ഉൾപ്പെടെ എം.എൽ.എ. ഫണ്ടിൽനിന്ന് നൽകിയിട്ടുണ്ട്. അത്തരം നിരവധി

പ്രതിരോധമാർഗങ്ങളും പ്രവർത്തനങ്ങളും നടത്തി മുന്നോട്ടുപോകുകയാണ്. കുട്ടമ്പുഴ, കവളങ്ങാട്, ചീരമ്പാറ, പിണ്ടിമന, കോട്ടപ്പടി തുടങ്ങിയ അഞ്ച് പഞ്ചായത്തുകളിലാണ് ഇപ്പോൾ പ്രശ്നം നേരിടുന്നത്. വലിയൊരു പദ്ധതിയെന്ന നിലയിൽ സർക്കാർ പ്രത്യേക താൽപര്യമെടുത്താണ് പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളെയും തൊട്ടടുത്ത പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിനെയും കവർ ചെയ്യാൻ കഴിയുന്ന തരത്തിൽ ഏകദേശം മുപ്പത് കിലോമീറ്റർ ദൂരത്തിൽ മൂന്നേമുക്കാൽ കോടി രൂപ ചെലവഴിച്ചുകൊണ്ട് ഹാങ്ങിങ് ഫെൻസിങ് നിർമ്മിക്കാൻ തീരുമാനിച്ചത്. അതിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് കോട്ടപ്പടിയിൽ നേരിട്ടെത്തി അതിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചത്. മാസങ്ങൾ പിന്നിടുമ്പോഴും അതിന്റെ വർക്ക് മുന്നോട്ടുപോകുന്നില്ലെന്നുമാത്രമല്ല, ഇതുവരെ പൂർത്തീകരിച്ച ആറ് കിലോമീറ്റർ ദൂരത്തിൽ വരുന്ന ഹാങ്ങിങ് ഫെൻസിങ് കാട്ടാന പൂർണ്ണമായും നശിപ്പിച്ചിരിക്കുകയുമാണ്. ആ പ്രദേശങ്ങളിൽ വ്യാപകമായി വീടുകളും ആരാധനാലയങ്ങളും തകർക്കുന്നു. കഴിഞ്ഞ ദിവസം അവിടെയുള്ള ക്ഷേത്രത്തിന്റെ മതിൽ തകർത്ത് ഉള്ളിൽ കയറി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം. പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഹാങ്ങിങ് ഫെൻസിങിന്റെ വർക്ക് ഫലപ്രദമായി പൂർത്തീകരിക്കുന്നതിനും ഇവിടെ കൂടുതൽ മേഖലകളിൽ ട്രഞ്ച് നിർമ്മിക്കുന്നതിനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുമെല്ലാം ആവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കോതമംഗലം എം.എൽ.എ. ശ്രീ. അന്റണി ജോൺ ഗുരുതരമായ ഒരു പ്രശ്നംതന്നെയാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇപ്പോൾ കേരളത്തിലെ വനമേഖലയിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒരു സോണായി കോതമംഗലം മാറിയിട്ടുണ്ട്. ആ പ്രദേശത്ത് സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അടിയന്തരപ്രാധാന്യമുള്ള പ്രശ്നങ്ങൾ ഓരോന്നായി കണക്കാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിനോടനുബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ കോതമംഗലത്ത് എത്തുകയും ആ പ്രദേശത്തെ എം.എൽ.എ. ഉൾപ്പെടെയുള്ള

ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്, അവരുടെ നിർദേശങ്ങൾ പരിശോധിച്ച് അടിയന്തരമായി അവ നടപ്പാക്കുന്നതിനുള്ള നിർദേശം നൽകുന്നതാണ്. ഇപ്പോൾ അദ്ദേഹം ഇവിടെ വ്യക്തമാക്കിയതുപോലെ, ഏകദേശം മൂന്നേമുക്കാൽ കോടി രൂപ ചെലവഴിച്ച് മുപ്പത് കിലോമീറ്റർ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ആണ് ആ ജോലി ഏറ്റെടുത്തിട്ടുള്ളത്. കാലതാമസമുണ്ടായി എന്നത് ശരിയാണ്. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾക്കായി കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ബന്ധപ്പെട്ട അധികാരികളുമായി സംസാരിക്കുന്നതാണ്. കോതമംഗലത്തെ ഒരു സ്പെഷ്യൽ സോണായി കണക്കാക്കി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അങ്ങേക്ക് ഉറപ്പ് നൽകാൻ ഈ സഭയിൽ ഞാൻ ശ്രമിക്കുകയാണ്.

## <u>താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി</u>

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, താമരശ്ശേരിയിൽ

പ്രവർത്തിക്കുന്ന ഒരു അറവുശാല കാരണം ആ പ്രദേശത്തെ ജനങ്ങൾക്ക് ജീവിക്കാൻപോലും കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഉണക്കമീൻ അടുപ്പിൽ ഇട്ടാലുണ്ടാകുന്ന ഗന്ധത്തിലാണ് അവിടത്തെ നാട്ടുകാർ ഭക്ഷണം കഴിക്കുന്നതെന്നും ഈ ഗന്ധത്തേക്കാൾ രൂക്ഷമായ ദുർഗന്ധമാണ് അവിടെയുള്ളതെന്നും നാട്ടുകാർ പറയുന്നു. ഇത്രയും വലിയ ദുർഗന്ധം സമീപ പ്രദേശങ്ങളിലാകെ പരത്തിക്കൊണ്ട് ഒരു കമ്പനി പ്രവർത്തിക്കുമ്പോൾ അതിനെതിരെ സ്വാഭാവികമായ ഒരു സമരം ഉയർന്നുവന്നു. എന്നാൽ ആ സമരത്തിന്റെ പേരിൽ ഇപ്പോൾ സി.പി.ഐ.(എം), മുസ്ലീംലീഗ് ഉൾപ്പെടെ വിവിധ രാഷ്ട്രീയ കക്ഷികളിലെ പ്രവർത്തകർക്കും നാട്ടുകാർക്കുമെതിരെ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഈ കേസുകളെല്ലാം ഒന്നാക്കി അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇത്രയും രൂക്ഷമായ ദുർഗന്ധമുള്ള പ്രദേശത്ത് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഈ വിഷയത്തിൽ തെറ്റിദ്ധരിച്ചിരിക്കുന്നുവെന്നാണ് തോന്നുന്നത്. താമരശ്ശേരിയിൽ പ്രവർത്തിക്കുന്നത് അറവുശാലയല്ല, ചിക്കൻ റെൻഡറിങ് പ്ലാന്റാണ്. അതായത്, അറവ് മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റ്. അതിന്റെ യഥാർഥ പേര് ഫ്രഷ് കട്ട് ഓർഗാനിക് റെൻഡറിങ് പ്ലാന്റ് എന്നാണ്. പ്രസ്തുത പ്ലാന്റിൽ 21-10-2025-ൽ നടന്ന ഉപരോധ സമരം അക്രമാസക്തമാകുകയും പ്ലാന്റ് ഭാഗികമായും ഏതാനും വാഹനങ്ങൾ പൂർണ്ണമായും അക്രമികൾ കത്തിച്ച് നശിപ്പിക്കുന്നതിൽ കലാശിക്കുകയും ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 12536/2025 നമ്പർ കേസിലെ താൽക്കാലിക വിധി പ്രകാരം പ്ലാന്റിന് പൊലീസ് സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി കോഴി മാലിന്യം ശേഖരിച്ചുവന്ന വാഹനം പ്ലാന്റിലേക്ക് കടത്തിവിടാൻ പോലീസ് ശ്രമിക്കുന്നതിനിടെയാണ് പൊലീസിനും വാഹനത്തിനുംനേരെ കല്ലേറുണ്ടാകുകയും സംഘർഷത്തിലെത്തുകയും ചെയ്തത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരമുള്ള സംരക്ഷണം നൽകുകയാണ് പൊലീസ് ചെയ്തതെങ്കിലും അവർക്കുനേരെ ആക്രമണമുണ്ടായി. സംഘർഷം നടക്കുന്ന അതേസമയത്ത്

ഒരു വിഭാഗം ആളുകൾ മറ്റൊരു വഴിയിലൂടെ പ്ലാന്റിൽ പ്രവേശിക്കുകയും പ്ലാന്റിന്റെ വാഷിങ് ഏരിയ, ട്രാൻസ്ഫോർമർ, കുക്കർ കൺട്രോൾ ഏരിയ എന്നിവിടങ്ങളിൽ തീയിടുകയും ഓഫീസ് അടിച്ചുതകർക്കുകയും ചെയ്തു. കൂടാതെ അവിടെ നിർത്തിയിട്ടിരുന്ന കോഴി മാലിന്യം ശേഖരിക്കുന്നവയുൾപ്പെടെയുള്ള വാഹനങ്ങൾ അഗ്നിക്കിരയാക്കി. ഈ സംഘർഷത്തിൽ കോഴിക്കോട് ജില്ലാ പൊലീസ് മേധാവി (റൂറൽ) ഉൾപ്പെടെയുള്ള പൊലീസുകാർക്കും സാരമായി പരിക്കേൽക്കുകയുണ്ടായി. പ്രസ്തുത സംഭവത്തിനുശേഷം ഡിസ്ട്രിക്ട് ലെവൽ ഫെസിലിറ്റേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റി (ഡി.എൽ.എഫ്.എം.സി.) സംയുക്ത പരിശോധന നടത്തുകയും പ്ലാന്റിന്റെ നിലവിലുള്ള സ്ഥിതി വിലയിരുത്തുകയും ചെയ്തു. പ്ലാന്റിന് നാശനഷ്ടങ്ങൾ സംഭവിച്ചെങ്കിലും പ്രധാനപ്പെട്ട കുക്കർ ഉൾപ്പെടുന്ന പ്രോസസിങ് ഏരിയയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നില്ല. പരിശോധനാ സമയത്ത് റിപ്പയറിങ് വർക്ക് ഏകദേശം പൂർത്തിയായിവരികയായിരുന്നു. തുടർന്ന് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എം.വി.ഡി. (മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്) തുടങ്ങിയവയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും

പരിശോധനയ്ക്കുശേഷം 30-10-2025-ലെ ഡി.എൽ.എഫ്.എം.സി. തീരുമാനപ്രകാരം പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. പ്ലാന്റിലുണ്ടായ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡി.എൽ.എഫ്.എം.സി. പ്ലാന്റിന്റെ പ്രോസസിങ് ക്വാണ്ടിറ്റി 20 ടണ്ണായി പരിമിതപ്പെടുത്താനും ഫ്രഷ് കോഴി മാലിന്യം മാത്രമെ എടുക്കാൻ പാടുള്ളൂവെന്നും നിശ്ചയിച്ചു. വൈകുന്നേരം ആറര മുതൽ രാത്രി പന്ത്രണ്ട് മണി വരെയുള്ള സമയത്ത് പ്രവർത്തനം നിർത്തിവയ്ക്കാനും തീരുമാനിക്കുകയുണ്ടായി. മലിന ജലം ട്രീറ്റ് ചെയ്യുന്ന എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം പരിശോധിക്കുന്നതിന്റെ ഭാഗമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിമാസ പരിശോധനയ്ക്കുപുറമെ കോഴിക്കോട് എൻ.ഐ.ടി.(നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)-യുടെ ലാബ് സംവിധാനമുപയോഗിച്ച് പ്രതിവാര പരിശോധന നടത്തുന്നതിനും തീരുമാനിച്ചു. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രതിമാസ പരിശോധനയും എൻ.ഐ.ടി. ലാബിന്റെ പ്രതിവാര പരിശോധനയും തീരുമാനിച്ചിട്ടുണ്ട്. ദുർഗന്ധം സംബന്ധിച്ച പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി തിരുവനന്തപുരം സി.എസ്.ഐ.ആർ.-

എൻ.ഐ.ഐ.എസ്.ടി. (കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച്-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി)-യുമായി ചേർന്ന് പരിശോധന നടത്തി പരിഹാരനിർദേശങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 20 ടൺ ആയി പരിമിതപ്പെടുത്തിയ കപ്പാസിറ്റിയിൽ നൈറ്റ് ഷിഫ്റ്റ് ഒഴിവാക്കി കാര്യമായ പരാതികൾക്കിടവരാത്ത രീതിയിൽ പ്ലാന്റ് പ്രവർത്തിച്ചുവരികയാണ്. നവീകരണത്തിനുശേഷം പ്ലാന്റിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയുണ്ടായതായി സമരസമിതിതന്നെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഒരു പ്ലാന്റിൽ മാത്രം ജില്ലയിലെ കോഴി മാലിന്യം സംസ്കരിക്കാൻ സാധ്യമല്ലെന്ന് കണ്ടെതിനെത്തുടർന്ന് മൂന്ന് പ്ലാന്റുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. അപ്പോൾ ഇവിടേയ്ക്ക് എത്തുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും. പൊതുജന പ്രക്ഷോഭം കാരണം രണ്ട് പ്ലാന്റുകളുടെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ജനപ്രതിനിധികളുടെ സജീവമായ ഇടപെടലിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിച്ച്, ജില്ലയിൽ വികേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ പ്ലാന്റുകൾ പ്രവർത്തിച്ചാൽ മാത്രമെ ഈ

പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതിനാൽ വികേന്ദ്രീകരിച്ച് ഇപ്പോൾ അനുമതി നൽകിയ മൂന്ന് പ്ലാന്റുകൾകൂടി പ്രവർത്തിപ്പിക്കാനാവശ്യമായ ബോധവൽക്കരണവും ഇടപെടലുകളും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുമുണ്ടാകണം.

## ചെറുവത്തൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ സൗകര്യം വർധിപ്പിക്കാൻ നടപടി

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ ചെറുവത്തൂരിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ സൗകര്യം വർധിപ്പിക്കുന്നതിനും തുറമുഖത്തിലേക്ക് മത്സ്യബന്ധന യാനങ്ങൾ കടലിൽനിന്നും വരുന്നത് സഹായിക്കുന്നതിനായി നിർമ്മിച്ച പുലിമുട്ടുകൾ ശക്തിപ്പെടുത്തുന്നതിനുംവേണ്ടിയുള്ളതാണ് ഈ സബ്മിഷൻ. കേരളത്തിന്റെ വടക്കേയറ്റത്തെ ജില്ലയായ കാസർഗോഡിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം 2015-ലാണ് നിർമ്മിച്ചത്. ചെറുവത്തൂർ ഫിഷിങ് ഹാർബർ പ്രവർത്തനസജ്ജമായതുമുതൽ ഈ ഹാർബറിന്റെ 22 കിലോമീറ്റർ തെക്ക് മാറി രാമന്തളി മുതൽ 25 കിലോമീറ്റർ വടക്ക് മാറി പള്ളിക്കര വരെയുള്ള

ഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികൾ ദൈനംദിന ജോലികൾക്കായി നിരന്തരം ആശ്രയിക്കുന്നത് ഇവിടെയാണ്. സമീപ ജില്ലകളിലെയും തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകത്തിലെയും ബോട്ടുകളടക്കം വന്നുപോകുന്ന തുറമുഖമാണ് ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം. അന്യസംസ്ഥാന യാനങ്ങൾ ഉൾപ്പെടെ 800-ഓളം വിവിധ കാറ്റഗറിയിലുള്ള ബോട്ടുകൾ ഈ ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഒരു വർഷം ശരാശരി 800 ടൺ മത്സ്യം ഇവിടെ വില്പനയ്ക്കായി എത്തുന്നുണ്ട്. ഹാർബറിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി 30 മീറ്റർ നീളമുള്ള രണ്ട് ഫിങ്കർ ജെട്ടി ചാനൽ ഡ്രഡ്ജിങ്, പാർക്കിങ് ഏരിയ കോൺക്രീറ്റ് ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി എന്നിവ അധികമായി നടപ്പാക്കിയിട്ടുണ്ടെങ്കിലും ഹാർബറിന്റെ നിലവിലെ പ്രവർത്തനത്തിന് പ്രസ്തുത സൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ ഹാർബറിൽ വാർഫ്, ലേല ഹാൾ, പാർക്കിങ് ഏരിയ എന്നിവ കൂടുതലായി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ജില്ലയിൽ മത്സ്യബന്ധന യാനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്രവൃത്തി നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ നിലവിലില്ല. ബോട്ട് കരയ്ക്ക് കയറ്റി റിപ്പയർ

ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ ഹാർബറിന് സമീപം സ്ഥിതിചെയ്യുന്ന നീലേശ്വരം ഫിഷ് ലാൻഡിങ് സെന്റർ 1990-കളിൽ പൂർത്തീകരിച്ചതാണ്. പ്രസ്തുത ഫിഷ് ലാൻഡിങ് സെന്ററിലെ വാർഫ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായിരിക്കുകയാണ്. ആയത് അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഹാർബർ നിർമ്മിക്കുമ്പോൾ 800 മീറ്റർ നീളത്തിൽ മാത്രമാണ് പുലിമുട്ടിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. 2018-ൽ ഉണ്ടായ പ്രളയ കാലഘട്ടത്തിലും അതുപോലെ ഓഖി, ഗജ എന്നീ സൈക്ലോണുകളിലും ടി ഹാർബറിലെ പുലിമുട്ടുകൾക്ക് വളരെയധികം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഏത് സീസണിലും മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിലേക്ക് കടക്കുന്നതിനും തിരിച്ച് കടലിലേക്ക് പോകുന്നതിനും വളരെയേറെ ബുദ്ധിമുട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ആയത് അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ ഹാർബറുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യവികസനങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾക്കായി 43 കോടി

രൂപയുടെ പ്രവൃത്തി നബാർഡ്-എഫ്.ഐ.ഡി.എഫ്. (ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടി പരിഗണിച്ച് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി 21-08-2015-ൽ കമ്മീഷൻ ചെയ്ത് നല്ല രീതിയിൽ മത്സ്യബന്ധന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ചെറുവത്തൂർ ഫിഷിങ് ഹാർബർ നിർമ്മാണം പൂർത്തീകരിച്ചത് ചെറുവത്തൂർ നീലേശ്വരം ലാൻഡിങ് സെന്ററുകൾ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. ഫിഷിങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുകയും സാഗർ പരിക്രമ യാത്രയുടെ ഭാഗമായി ബഹുമാനപ്പെട്ട കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രി 08-06-2023-ൽ

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം സന്ദർശിച്ച വേളയിൽ ഞാൻതന്നെ നേരിട്ട് അത് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനോടനുബന്ധിച്ച് 40.41 കോടി രൂപയുടെ വിശദമായ പദ്ധതിയാണ് 25-08-2023-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗീകരിച്ചത്. അത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ പി.എം.എം.എസ്.വൈ (പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന)-യിൽ നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ സംസ്ഥാന സർക്കാർ സമർപ്പിച്ചെങ്കിലും നാളിതുവരെ പി.എം.എം.എസ്.വൈ.-ൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ നിരന്തരമായി ആവശ്യപ്പെട്ടതിനെത്തുടർന്നും NABARD-RIDF (Rural Infrastructure Development Fund) Tranche XXXI പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി 43 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയുണ്ടായി. 29-10-2025-ൽ ചേർന്ന ഹൈപവർ കമ്മിറ്റി യോഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ

തിരിച്ചടയ്ക്കേണ്ട വായ്പ പദ്ധതിയായ എഫ്.ഐ.ഡി.എഫ്. സ്കീമിൽ അംഗീകാരത്തിനായി എഫ്.ഐ.ഡി.എഫ്. പോർട്ടലിയിൽ ഓൺലൈനായി പദ്ധതി സമർപ്പിച്ചിരുന്നു. തുടർന്ന് ബാംഗ്ലൂർ ആസ്ഥാനമായുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിങ് ഫോർ ഫിഷറീസ് (സി.ഐ.സി.ഇ.എഫ്.) സാങ്കേതിക പരിശോധന നടത്തുകയും പദ്ധതി സംബന്ധിച്ച അധിക വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അധികമായി ആവശ്യപ്പെട്ട വിശദാംശങ്ങൾ ഹാർബർ എഞ്ചിനീയറിങ് വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കി 16-12-2025, 17-12-2025 എന്നീ തീയതികളിൽ സി.ഐ.സി.ഇ.എഫ്. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും അധിക വിശദാംശങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ സി.ഐ.സി.ഇ.എഫ്. നിർദേശിച്ച ഭേദഗതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കൂടുതൽ വിവരങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കിവരുന്നു. പദ്ധതി രൂപരേഖ അന്തിമമാക്കി ഉടനെ എഫ്.ഐ.ഡി.എഫ്. പോർട്ടലിൽ സമർപ്പിക്കുന്നതാണ്. പലിശ സഹിതം പൂർണ്ണമായി തിരിച്ചടയ്ക്കേണ്ട വായ്പ പദ്ധതിയായതിനാൽ മുഴുവൻ

ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിരന്തര ആവശ്യത്തിന്റെയും സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയുടെയും ഭാഗമായി ചെറുവത്തൂർ ഫിഷിങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി മുഴുവൻ പണവും മുടക്കി സംസ്ഥാന സർക്കാർ നടപ്പാക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുയാണ്.

ബീനാച്ചി- പനമരം റോഡ് പ്രവൃത്തി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു റോഡാണ് 22 കിലോമീറ്റർ നീളമുള്ള ബീനാച്ചി-പനമരം റോഡ്. 2019-ലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഈ റോഡിന്റെ പ്രവൃത്തി ആരംഭിച്ചതാണെങ്കിലും ഇന്നേയ്ക്ക് എട്ട് വർഷം പൂർത്തിയായിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർ.എസ്. ഡെവലപേഴ്സ് എന്ന കൺസ്ട്രക്ഷൻ കമ്പനി 2018-ൽ പ്രസ്തുത റോഡ് പ്രവൃത്തിയുടെ ടെൻഡർ എടുത്തിരുന്നെങ്കിലും കരാറുകാരന് പണി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് ആൻഡ് കോസ്റ്റിൽ ഗവൺമെന്റ്

അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്തിരുന്നു. അതിനുശേഷം 22 കിലോമീറ്ററുള്ള റോഡ് 10, 12 കിലോമീറ്റർ എന്നിങ്ങനെ രണ്ട് റീച്ചുകളാക്കി മാറ്റിയാണ് ആദ്യത്തെ ടെൻഡർ നടപടി പൂർത്തീകരിച്ചത്. നടവയൽ മുതൽ പനമരം വരെയുള്ള പത്ത് കിലോമീറ്റർ റോഡ് പുതിയ കരാറുകാരനെ ഏൽപ്പിച്ച് പ്രവൃത്തി നടക്കുന്നുണ്ടെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ബീനാച്ചി 2.70 കിലോമീറ്റർ കഴിഞ്ഞ് ബാക്കിലുള്ള 10 കിലോമീറ്റർ പ്രവൃത്തി ആർ.എസ്. ഡെവലപേഴ്സ് എന്ന കരാറുകാരനെ മാറ്റി അതിന്റെ നടപടിക്രമവുമായി മുന്നോട്ടുപോകാൻ തുടങ്ങിയിട്ട് കുറേ മാസങ്ങളായെങ്കിലും ഇന്നും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. അവിടെ ജനങ്ങൾ പ്രക്ഷോഭത്തിലാണ്. മാത്രമല്ല 2022-ൽ ബഹുമാനപ്പെട്ട മന്ത്രി നടവയൽ, കോളേരി പ്രദേശങ്ങൾ സന്ദർശിച്ച് നേരിട്ട് വിലയിരുത്തിയതാണ്. ഈ റോഡിന്റെ പ്രത്യേകത, ബത്തേരിയിൽനിന്നും മാനന്തവാടി നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്നതും മാനന്തവാടി നിയോജകമണ്ഡലം ഹൈവേയിൽ കയറി കണ്ണൂർ എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന വളരെ എളുപ്പത്തിൽ പോകേണ്ട ഒരു റോഡുമാണ്. ഇത് കുറേ കാലങ്ങളായി നീണ്ടുപോകുകയാണ്. ഇന്നും

തുടർ പ്രവൃത്തി നടത്താനോ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അതിൽ ഇടപെട്ട് ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് യോഗം നടത്തി ടൈം ഷെഡ്യൂൾ ഉണ്ടാക്കി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇത് കിഫ്ബി പദ്ധതിയിൽപെടുന്നതാണ്. 22.200 കിലോമീറ്റർ വരുന്ന ഈ റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ബഹുമാനപ്പെട്ട എം.എൽ.എ., അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഒ. ആർ. കേളു എന്നിവരൊക്കെ നിരന്തരമായി ഇടപെട്ടിട്ടുള്ളതാണ്. ആദ്യം പ്രവൃത്തി നടത്തിയ കരാറുകാരുടെ അനാസ്ഥമൂലം ഒന്നാംഘട്ട പ്രവൃത്തി താഴെ അരിവയൽ മുതൽ നടവയൽ പള്ളിത്താഴം വരെയായി കുറച്ചിരുന്നു. രണ്ടാം ഘട്ടം ബീനാച്ചി മുതൽ താഴെ അരിവയൽ വരെയും നടവയൽ പള്ളിത്താഴം മുതൽ പനമരം വരെയും മറ്റൊരു ടെൻഡർ നടപടി പൂർത്തീകരിച്ച് കരാർ നൽകുകയും പ്രവൃത്തി 70 ശതമാനം പുരോഗതി കൈവരിക്കുകയും ചെയ്തിരുന്നു. എന്നാൽ ജലനിധിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾ വൈകിയതുമൂലം റോഡ്

നവീകരണ പ്രവൃത്തിയിൽ നിന്നും കരാറുകാരെ ഒഴിവാക്കേണ്ടിവന്നു. പിന്നീട് പ്രസ്തുത പ്രവൃത്തിയുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തുക 12,37,99,000/- രൂപയായിരുന്നു. ബീനാച്ചി മുതൽ താഴെ അരിവയൽ വരെയും നടവയൽ പള്ളിത്താഴം മുതൽ പനമരം വരെയുമുള്ള റോഡിന്റെ വീതി 9 മീറ്ററായതിനാൽ ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കാനുള്ള 2/700 – 15/560 വരെയുള്ള ഭാഗത്തെയും റോഡിന്റെ വീതി ഏകീകരണത്തിനായി റോഡിന്റെ ഇരുവശങ്ങളിലും ഓരോ മീറ്റർ വീതിയിൽ ഐറിഷ് കോൺക്രീറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിട്ടുണ്ട്. 12.86 കിലോമീറ്റർ ദൂരം വരുന്ന പ്രവൃത്തിയുടെ ബി.സി.-യും ഐറിഷ് കോൺക്രീറ്റും വരുന്ന എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അധിക തുക ആവശ്യമായി വരുന്നതിനാൽ സാമ്പത്തിക അനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസലും കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികളിലേക്ക് കടക്കാൻ സാധിക്കും. ബഹുമാന്യരായ ഐ. സി. ബാലകൃഷ്ണൻ മന്ത്രി ഒ. ആർ. കേളു എന്നിവർ ഈ വിഷയം

ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ നിലയിൽ ഇതിൽ എങ്ങനെ കൂട്ടായി ഇടപെട്ട് പരിഹരിക്കാമെന്നുള്ളത് കണ്ടെത്തുന്നതാണ്.

## കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത്, പാപ്പിനിശ്ശേരി എന്നീ രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് കല്ലൂരിക്കടവ് പാലം. 2017-ൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച പാലമായിരുന്നു അത്. പാലത്തിന്റെ അലൈൻമെന്റിലും അപ്രോച്ച് റോഡുകളിലും മാറ്റം വന്നതിന്റെ ഭാഗമായി അതിന്റെ സാങ്കേതിക നടപടികൾ വലിയ തരത്തിൽ നീണ്ടുപോകുന്ന സാഹചര്യമാണുണ്ടായിരുന്നത്. കിഫ്ബിയുടെ സംഘം രണ്ടുമൂന്ന് തവണ സ്ഥലത്തെത്തി പരിശോധന നടത്തിയെങ്കിലും അതിന്റെ എഫ്.എസ്. ലഭ്യമാകുന്ന സാഹചര്യത്തിലേക്ക് ഇതുവരെ എത്തിയിട്ടില്ല. പദ്ധതിയുടെ ആകെ തുകയിൽ വ്യത്യാസമുണ്ടായെന്നാണ് മനസ്സിലാക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നേരത്തെ ഒന്നുരണ്ട് സബ്മിഷനുകൾ ഉന്നയിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശക്തമായി ഇടപെടുകയും അതിന്റെ ഫലമായി വളരെ വേഗതയിൽ

നടപടികൾ മുന്നോട്ടുപോകുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഫിനാൻഷ്യൽ ഘടനയിലും അലൈൻമെന്റിലുമുണ്ടായ മൊത്തത്തിലുള്ള മാറ്റത്തിന്റെ ഭാഗമായി കൂടുതൽ വൈകാതെ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഇടപെടലുകൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അഴീക്കോട് നിയോജകമണ്ഡലത്തിലെ കല്ലൂരിക്കടവ് പാലം യാഥാർഥ്യമാക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട കെ. വി. സുമേഷ് സബ്മിഷനിലൂടെ ഉന്നയിച്ചത്. സഭയ്ക്കകത്തും പുറത്തും നിരവധി തവണ ഈ പാലവുമായി ബന്ധപ്പെട്ട ആവശ്യമുന്നയിച്ചതിനെത്തുടർന്ന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപടികൾ വേഗത്തിലാക്കുന്നതിനായി ഞങ്ങളെല്ലാവരും ഇടപെട്ടിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള ആദ്യ രൂപരേഖ 13-12-2021-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർധിപ്പിക്കുകയും അലൈൻമെന്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 43.13 കോടി രൂപയുടെ റിവൈസ്ഡ് ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 2024

ഡിസംബർ മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതിന് കിഫ്ബിയുമായി അടിയന്തര ഇടപെടൽ ആവശ്യമാണ്. ഭൂവുടമകളിൽ നിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ പാപ്പിനിശ്ശേരി, നാറാത്ത് ഗ്രാമപഞ്ചായത്തുകളിലെ ഭൂവുടമകളുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം സൗജന്യമായി വിട്ടുനൽകാൻ അവർ സമ്മതം അറിയിച്ചിട്ടില്ലെന്ന വിവരമാണ് ലഭിച്ചിരിക്കുന്നത്. ഇതിനെ തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടികൾ കൂടി ആവശ്യമായി വന്നിരിക്കുകയാണ്. ഈ വിഷയത്തിൽ കിഫ്ബിയുടെ അഭിപ്രായവും കൂടി പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട എം.എൽ.എ.-യെയും ഉൾപ്പെടുത്തിക്കൊണ്ട് കിഫ്ബിയുമായി അടിയന്തര യോഗം സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുന്നു.

## കല്ലൂക്കല്ലൂർ - എരവത്ര – വല്ലപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പാലക്കാട് - മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട പാലമാണ് തിരുവേഗപ്പുറ പാലം. അത് നിരന്തമായും അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നത് ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ ആളുകളാണ് ടി പാലം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതെങ്കിലും മലപ്പുറം ജില്ലയിൽ നിന്നാണ് ഇതിന്റെ നിയന്ത്രണം. അതിനാൽ പലപ്പോഴും കാലതാമസമെടുക്കുന്നത് നമുക്ക് മോണിറ്റർ ചെയ്യാൻ കഴിയുന്നില്ല. ഇനിയും അറ്റകുറ്റപ്പണികൾ നടത്തേണ്ട സാധ്യതയുണ്ടാകാനുള്ള സാഹചര്യത്തിലാണ് ആ പാലമുള്ളത്. അതിനാൽ മലപ്പുറം ജില്ലയ്ക്കുപകരം പാലക്കാട് ജില്ലയിൽനിന്നും നിയന്ത്രണം ഏറ്റെടുത്തുകൊണ്ടുള്ള പുതിയൊരു പാലം വേണമെന്നുള്ളതാണ് ആവശ്യം. അതോടൊപ്പം മറ്റുരണ്ട് കാര്യങ്ങൾകൂടി ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുണ്ട്. അതിലൊന്ന്, വാടാനാംകുറുശ്ശി മേൽപാലം നേരത്തെ റെയിൽവേയുടെ ഭാഗം ടെൻഡർ ചെയ്യുന്നതിന് വളരെയധികം കാലതാമസമെടുത്തു. അതിന്റെ ഭാഗമായി പ്രവൃത്തികൾ മന്ദഗതിയിലായിരുന്നു. നിലവിൽ ആ സാങ്കേതിക പ്രശ്നങ്ങളെല്ലാം

പരിഹരിച്ചു. എന്നാൽ കരാറുകാർ വേണ്ടത്ര വേഗത്തിലല്ല പ്രവൃത്തികൾ ചെയ്യുന്നത്. അതിനാൽ വളരെവേഗത്തിൽ അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന്, കല്ലുക്കല്ലൂർ-എരവത്ര- വല്ലപ്പുഴ റോഡ് പട്ടാമ്പി നിയോജകമണ്ഡലത്തിൽ ബി.എം. & ബി.സി. ചെയ്യാനുള്ള റോഡാണ്. ആ റോഡിന് നേരത്തെ 6 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. അതിൽ വല്ലപ്പുഴയിലേക്ക് ബന്ധിപ്പിക്കുന്ന ഒരു ഭാഗം സ്വകാര്യ സ്ഥലമായതിനാൽ ഏറ്റെടുക്കാൻ കഴിയാതെ ടി പ്രോജക്ട് പകുതി വഴിയിൽ നിൽക്കുകയാണ്. എന്നാൽ റോഡ് ശോചനീയാവസ്ഥയിലാണ്. അതിനാൽ അടിയന്തരമായി ആ റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടിയാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മൂന്ന് പ്രവൃത്തികളുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട മുഹമ്മദ് മുഹസിൻ സബ്മിഷൻ ഉന്നയിച്ചത്. ഒന്ന്, മലപ്പുറം-പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തിരുവേഗപ്പുറ പാലവുമായി ബന്ധപ്പെട്ടാണ്. പാലത്തിന്റെ

സ്ലാബിൽ വിള്ളൽ ശ്രദ്ധപ്പെട്ടതിനെത്തുടർന്ന് ഗതാഗതം നിയന്ത്രിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. പാലത്തിലെ വിള്ളൽ പരിശോധിക്കാൻ കെ.എച്ച്.ആർ.ഐ.-യിൽനിന്നുള്ള വിദഗ്ധ സംഘത്തെ നിയോഗിക്കുകയും അവരുടെ റിപ്പോർട്ട് അനുസരിച്ച് പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. അതുവഴിയുള്ള ഗതാഗതം വേഗത്തിൽ സാധ്യമാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തും. നിലവിലുള്ള പാലത്തിന് ഏകദേശം എഴുപത് വർഷത്തോളം പഴക്കമുണ്ട്. എൻ.എച്ച്. 66-ൽ വളാഞ്ചേരി ഭാഗത്തുനിന്നും പാലക്കാട് ജില്ലയിലേക്ക് കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയിലാണ് ടി പാലം സ്ഥിതി ചെയ്യുന്നത്. വളരെയധികം ട്രാഫിക് ഡെൻസിറ്റിയുള്ള റോഡ് ആയതിനാൽ ഇവിടെ സമാന്തര പാലം അനിവാര്യമാണ്. അതിനാൽ സമാന്തര പാലത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എ.എസ്. നൽകുന്നതിന് പാലങ്ങളുടെ വിഭാഗം ചീഫ് എൻജിനീയർക്ക് ഉടൻതന്നെ നിർദ്ദേശം നൽകുന്നതാണ്. വാടാനാംകുറുശ്ശി

റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ടതാണ് മറ്റൊരു ആവശ്യം. ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ടുപയോഗപ്പെടുത്തിയാണ് വാടാനാംകുറുശ്ശി റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണം നടക്കുന്നത്. റെയിൽവേ സ്പാനുൾപ്പെടെ 16 സ്പാനുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, ഷൊർണ്ണൂർ വശത്തെ റീട്ടെയിനിങ് വാൾ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പട്ടാമ്പി ഭാഗത്തുള്ള റീട്ടെയിനിങ് വാളിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മേൽപാലത്തിന്റെ ക്രാഷ് ബാരിയർ റീട്ടെയിനിങ് വാൾ, ഡ്രെയിനേജ് എന്നിവയുടെ പ്രവർത്തനവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളും ബി.സി. ഫിനിഷിങ് പ്രവൃത്തികളും വേഗത്തിൽ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡുകളുടെ നവീകരണം സാധ്യമാക്കുന്നതിനുള്ള സാങ്കേതിക പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിലിടപെട്ട് മുന്നോട്ടുപോകാം. ഇവിടെ നേരത്തെ സൂചിപ്പിച്ച തിരുവേഗപ്പുറ പാലത്തിന്റെ ഭാഗമായി, നേരത്തെതന്നെ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

അതിന്റെ ഇൻവെസ്റ്റിഗേഷൻ എത്രത്തോളം വേഗത്തിൽ നടത്താൻ സാധിക്കുമെന്നതിൽ ഒരിക്കൽക്കൂടി ഇടപെടാമെന്ന് സഭയെ അറിയിക്കുന്നു.

അടിമാലിയിൽ മണ്ണിടിഞ്ഞ് മരണപ്പെട്ട ആളുടെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. രാജ: സർ, കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ൽ അടിമാലിയിലുണ്ടായ മണ്ണിടിച്ചിൽ ബാധിക്കപ്പെട്ട ആളുകളെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. അവിടെ മണ്ണിടിച്ചിലുണ്ടായതുമൂലം ബിജു മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയുടെ കാൽ മുറിച്ചുമാറ്റിയതിനാൽ ഇപ്പോഴും ചികിത്സയിലാണ്. എട്ടോളം വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടു. അതോടൊപ്പം ഈ പ്രദേശത്തെ ഇരുപത്തിയൊൻപതോളം വീടുകൾ താമസയോഗ്യമല്ലെന്ന് കണ്ടുകൊണ്ട് അവിടത്തെ മുഴുവൻ ആളുകളെയും മറ്റൊരു സ്ഥലത്തേക്ക് മാറ്റിപാർപ്പിച്ചിരിക്കുകയാണ്. ഇതിന്റെ പ്രവൃത്തികൾ നടത്തുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ള ആളുകളും ജില്ലാ കളക്ടറും പങ്കെടുത്തുകൊണ്ട് ഇവരെ സഹായിക്കുന്നതിനായി ചില തീരുമാനങ്ങളെടുത്തിരുന്നു. ഇൻഷ്വറൻസ്

പരിരരക്ഷ ഉള്ളതുകൊണ്ട് വീട് നഷ്ടപ്പെട്ടവർക്ക് അതിൽനിന്നും വീട് നൽകുമെന്നും മരിച്ച ആളുടെ കുടുംബത്തെ സഹായിക്കുമെന്നുമാണ് അന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പറഞ്ഞത്. എന്നാൽ ഇപ്പോൾ അതിൽനിന്നെല്ലാം പിന്തിരിയുന്നൊരവസ്ഥയാണ് കാണുന്നത്. ദുരന്തം ബാധിക്കപ്പെട്ട ഈ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ദുരന്തം ബാധിച്ചതിനെത്തുടർന്ന് അവിടെനിന്നും മാറ്റി പാർപ്പിച്ചവർക്കെല്ലാം അടിയന്തരമായി സർക്കാർ തലത്തിൽ ധനസഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, കൊച്ചി-ധനുഷ്കോടി ദേശീയപാത എൻ.എച്ച്. 85-ൽ അടിമാലി-കുമ്പൻപാറ ഭാഗത്ത് ദേശീയ നിർമ്മാണത്തിന്റെ ഭാഗമായുണ്ടായ മണ്ണിടിച്ചിലിനെത്തുടർന്ന് നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരാൾ മരണപ്പെടുകയും ഒരാൾക്ക് പരിക്കുപറ്റി കാൽ നഷ്ടപ്പെടുകയും നിരവധി വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും 27 കുടുംബങ്ങളെ പ്രസ്തുത സ്ഥലത്തുനിന്നും മാറ്റിപ്പാർപ്പിക്കുകയും ചെയ്യുന്ന

സ്ഥിതിവിശേഷമാണുണ്ടായിട്ടുള്ളത്. ദേശീയപാത അതോറിറ്റി അശാസ്ത്രീയമായി മണ്ണ് നീക്കം ചെയ്തതാണ് ഇത്തരം പ്രശ്നങ്ങളുടെ തുടക്കമെന്ന് സംഭവത്തിൽ അന്വേഷണം നടത്തിയ ടെക്നിക്കൽ കമ്മിറ്റി സൂചിപ്പിച്ചിരുന്നു. ജില്ലയുടെ ചുമതലക്കാരൻകൂടിയായ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം 31-10-2025-ൽ ചേരുകയും പ്രധാനമായും എട്ട് കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു. എല്ലാകാര്യങ്ങളും ഞാൻ പറയുന്നില്ല. 27 കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുകയും കാലതാമസം കൂടാതെ അത് നൽകാൻ കഴിയുമെന്ന് പ്രോജക്ട് ഡയറക്ടർ പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ എട്ട് തീരുമാനങ്ങളിൽ, ക്യാമ്പിൽ കഴിഞ്ഞ ആളുകൾക്ക് അടിയന്തര ധനസഹായമായി 15,000/-രൂപ നൽകിയതും മരണപ്പെട്ട ബിജുവിന്റെ മകൾക്ക് ഒരു ലക്ഷം രൂപ നൽകിയതുമൊഴികെ വീട് നഷ്ടപ്പെട്ട് വാടക വീടുകളിലേയ്ക്ക് മാറിയവർക്ക് വാടക നൽകാനോ അർഹമായ നഷ്ടപരിഹാരം നൽകാനോ നാളിതുവരെ ദേശീയപാതാ അതോറിറ്റി തയ്യാറായിട്ടില്ലെന്ന്

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പൂർണ്ണമായും ശരിയാണ്. ഈ അപകടത്തിലെ ഉത്തരവാദികൾക്കെതിരെ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ആദ്യഘട്ടം മുതൽ ഗൗരവമായി ഈ പ്രശ്നം പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. തീർച്ചയായും അതുകൂടി പരിഗണിച്ചുകൊണ്ട് ഈ വിഷയത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ജില്ലയുടെ ചുമതലക്കാരനായ മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെയും സാന്നിധ്യത്തിൽ എൻ.എച്ച്.എ.ഐ.-യുമായി അടിയന്തരമായി യോഗം ചേർന്ന് ധനസഹായം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾക്ക് സർക്കാർ നേതൃത്വപരമായ പങ്കുവഹിക്കുമെന്ന കാര്യം അറിയിക്കുകയാണ്.